(സി) രോഗികൾ പ്രസ്തുത ആശുപത്രിയിലെ ജീവനക്കാർക്കെതിരെ പരാതി ബോധിപ്പിച്ചിരുന്നോ; എങ്കിൽ കമ്മീഷൻ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൈക്കാട് വിമൻ ആന്റ് ചിൽഡ്രൻസ് ഹോസ്പിറ്റൽ.

(ബി) 13-1-2005-ൽ

(സി) ഉണ്ട്. ഇതുസംബന്ധിച്ച കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം നൽകുന്ന പദ്ധതി

114 [484] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ബി. വിജയകുമാർ:
,, വർക്കല കഹാർ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) പ്രതിദിനം എത്ര പേർക്ക് പ്രസ്തുത പദ്ധതിയിലൂടെ ആഹാരം നൽകുവാനാണ് പരിപാടി ഇട്ടിട്ടുള്ളത്;

(ഡി) യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം കിട്ടിയതെന്ന് ഏതു വിധത്തിൽ ഉറപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1975 മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 163 പ്രോജക്ടുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 25085 അംഗൻവാടി കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് 300 കലോറി ഊർജ്ജവും 10 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും ഗർഭിണികൾ /പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 500 കലോറി ഊർജ്ജവും 20 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും ഗുരുതരമായ പോഷണ ന്യൂനതയുള്ള 6 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 600 കലോറി ഊർജ്ജവും 20 ഗ്രാംവരെ മാംസ്യവും അടങ്ങിയ ഭക്ഷണം നൽകിവരുന്നു.

(സി) പ്രതിദിനം 6 വയസ്സിൽ താഴെയുള്ള 8.37 ലക്ഷം കുട്ടികൾക്കും 1.47 ലക്ഷം ഗർഭിണികൾ/അമ്മമാർ എന്നിവർക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംഗൻവാടി കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരം യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പഞ്ചായത്ത് മെമ്പർ/ഡിവിഷൻ മെമ്പർ അദ്ധ്യക്ഷനായുള്ള ഒരു വെൽഫെയർ കമ്മിറ്റി എല്ലാ അംഗൻവാടി കേന്ദ്രങ്ങളോടനുബന്ധിച്ച് രൂപീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പുതിയ അംഗൻവാടികൾ

115 [485] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2001 വരെ എത്ര അംഗൻവാടികൾ നിലവിലുണ്ടായിരുന്നുവെന്നും 2001 മുതൽ പുതുതായി എത്രയെണ്ണം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി കാസർഗോഡ് ജില്ലയിൽ അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ഇവ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 2001 വരെ 610 കേന്ദ്രങ്ങൾ നിലവിലുണ്ടായിരുന്നു. 2001-നു ശേഷം 387 അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുന്നതിന് ജില്ലയിലെ ശിശുവികസന പദ്ധതി ആഫീസർമാരിൽ നിന്നും സാമൂഹ്യക്ഷേമ ഡയറക്ടർക്ക് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ഓണറേറിയം

116 [486] ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന ഓണറേറിയം നിശ്ചയിച്ചത് എന്നുമുതലാണെന്നും, അത് കൊടുത്തു തുടങ്ങിയത് എന്നുമുതലാണെന്നും വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഓണറേറിയം വർദ്ധിപ്പിക്കുവാൻ നിശ്ചയിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി എന്തെങ്കിലും വർദ്ധനവ് പ്രഖ്യാപിച്ചിരുന്നോ; ഇതു സംബന്ധിച്ച് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) ഇപ്പോൾ അംഗൻവാടി വർക്കർക്കും, ഹെൽപ്പർക്കും മാസത്തിൽ കൊടുത്തുവരുന്ന ഓണറേറിയം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 12-3-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം 1-4-2002 മുതൽ പ്രാബല്യത്തോടെ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly